**No. CEE/4383/2014/KEAM-2015/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

# 2015-ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **23.07.2015** ന് ആരംഭിക്കുന്നതാണ്. മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **23.07.2015** വൈകുന്നേരം മുതൽ **26.07.2015, 3 pm** വരെ ലഭ്യമാകുന്നതാണ്. **26.07.2015, 3 pm** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **27.07.2015** ന് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **29.07.2015** മുതൽ **01.08.2015** വരെയുള്ള തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **01.08.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്. ഇതോടെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് നിലവിലുള്ള എല്ലാ വിദ്യാർത്ഥികളും അതത് കോളേജുകളിൽ **01.08.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടിയിരിക്കേണ്ടതാണ്.

**മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 23.07.2015 (6 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 26.07.2015 (3 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **27.07.2015** | **രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| 29.07.2015 to 01.08.2015 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 01.08.2015, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മിഷണർക്ക് സമർപ്പിക്കണം. |

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല**. ഇവരുടെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലുള്ള ഹയർ ഓപ്ഷനുകൾ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ നിലവിലുള്ള അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും.

കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിലുള്ള മൂന്ന് മെഡിക്കൽ കോളേജുകളിലേയ്ക്ക് ഒന്നാം ഘട്ടത്തിൽ ഓപ്ഷനുകൾ ക്ഷണിച്ചിരുന്നുവെങ്കിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ 2015–16 വർഷത്തേയ്ക്കുള്ള അംഗീകാരം ലഭ്യമാക്കിയിട്ടില്ലായിരുന്നതിനാൽ അലോട്ട്മെന്റ് തടഞ്ഞുവച്ചിരുന്നു. പ്രസ്തുത കോളേജുകളിലേയ്ക്ക് 30.06.2015 ലെ ബഹു: കേരള ഹൈക്കോടതി വിധി പ്രകാരം അലോട്ട്മെന്റ് നടത്താൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ കോളേജുകളിലേയ്ക്ക് ഓപ്ഷൻ നൽകിയിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

രണ്ടാം ഘട്ട അലോട്ടുമെന്റിൽ താഴെപറയുന്ന കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

| Sl. No | College Code | Name of College | Course Code and seats |
|---|---|---|---|
| **Private Self Financing Medical Colleges under Kerala Christian Professional College Management Federation** | | | |
| 1 | AMC | Amala Institute of Medical Sciences, Amala Nagar, Thrissur | MM - 50 |
| 2 | JMC | Jubilee Mission Medical College & Research Institute, Bishop Alappat Road, P B No.737, Thrisur | MM - 50 |
| 3 | PMC | Pushpagiri Institute of Medical Science & Research Centre, Thiruvalla | MM - 50 |

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23.07.2015